പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.108 — 04.02.2013 ൽ മറുപടിയ്ക്ക്

## പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള കെട്ടിടങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് കേരളത്തിനു ലഭിക്കേണ്ട എത്ര കെട്ടിടങ്ങൾ ഇപ്പോൾ ലഭ്യമായിട്ടുണ്ട്; | (എ) | 165 ബിൽഡിങ് യൂണിറ്റുകളിൽ 73 ബിൽഡിംഗ് യൂണിറ്റുകൾ ലഭ്യമായിട്ടുണ്ട്. |
| (ബി) കേരളത്തിന് അവകാശപ്പെട്ട എത്ര കെട്ടിടങ്ങൾ തമിഴ്നാട് കൈവശം വച്ചിരിക്കുന്നു; | (ബി) | തമിഴ്നാട് 92 ബിൽഡിംഗ് യൂണിറ്റുകൾ (80 കെട്ടിടങ്ങൾ) കൈവശം വച്ചിട്ടുണ്ട്. |
| (സി) പറമ്പിക്കുളം റസ്റ്റ് ഹൗസ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ ഇപ്പോഴും തമിഴ്നാടാണ് കൈവശം വച്ചിരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) പ്രസ്തുത കെട്ടിടങ്ങൾ കേരളത്തിന് ലഭ്യമാക്കുവാനാവശ്യമായ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ? | (ഡി) | പറമ്പിക്കുളത്തെ കെട്ടിടങ്ങൾ കേരളത്തിന് വിട്ടു നൽകാതിരിക്കുന്നത്, തമിഴ്നാട് നടത്തുന്ന പി.എ.പി. കരാർ വ്യവസ്ഥയുടെ ലംഘനമായിട്ടാണ് കേരളം കണക്കാക്കിയിട്ടുള്ളത്. കരാർ പുനരവലോകന ചർച്ചകളിൽ ഇക്കാര്യം ശക്തമായി ഉന്നയിച്ച്, പ്രസ്തുത കെട്ടിടങ്ങൾ വിട്ടുതരണമെന്ന് കേരളം ആവർത്തിച്ചാവശ്യപ്പെട്ടിട്ടുണ്ട്. പറമ്പിക്കുളത്ത് നിലവിൽ തമിഴ്നാട് കൈവശം വച്ചിരിക്കുന്ന കെട്ടിടങ്ങൾ അവിടത്തെ ഡാമുകളുടെയും മറ്റ് അനുബന്ധ സ്ട്രക്ച്ചറുകളുടെയും Operation and Maintenance-ന് ആവശ്യമായ ജീവനക്കാരുടെ താമസത്തിന് അത്യാവശ്യമാണെന്നും, ആയതിനാൽ ഈ കെട്ടിടങ്ങൾ തങ്ങളുടെ കൈവശം നിലനിർത്തേണ്ടതാവശ്യമാണെന്നുമാണ് തമിഴ്നാടിന്റെ വാദം. എന്നാൽ കരാർ പുനരവലോകന ചർച്ചകൾ ഇതുവരെ ഫലപ്രാപ്തിയിൽ എത്തിച്ചേരാത്തതിനാൽ ഇക്കാര്യത്തിൽ ഒരു അന്തിമതീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ